# കേരളപാഠാവലി

മലയാളം
പരിസരപഠനം
കലാവിദ്യാഭ്യാസം
പ്രവൃത്തിപരിചയം
ആരോഗ്യകായിക വിദ്യാഭ്യാസം

## ഭാഗം - 1

## സ്റ്റാൻഡേർഡ് I

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-301-1-MALAYALAM-1-VOL-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.


ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# 1

# കേരളപാഠാവലി

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition : 2024
Printed at : KBPS, Kakkanad, Kochi- 30
© Department of General Education, Government of Kerala



പ്രിയപ്പെട്ട കൂട്ടുകാരേ,

കഥകളും പാട്ടുകളും ചിത്രങ്ങളും
നിറഞ്ഞ ഈ പുസ്തകം നിങ്ങൾക്ക് ഇഷ്ടപ്പെടും.
അന്വേഷിക്കാനും കണ്ടെത്താനും
അറിവ് നേടാനും പറ്റിയ ഒത്തിരി
രസകരമായ പ്രവർത്തനങ്ങൾ ഇതിലുണ്ട്.
ഒപ്പം ഒരു പ്രവർത്തനപുസ്തകവും
നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്.
പഠനത്തിലൂടെ സന്തോഷം ലഭിക്കുന്ന
വിധമാണ് ഇതിലെ എല്ലാ പ്രവർത്തനങ്ങളും.
ഈ പുസ്തകം പഠിച്ചുകഴിയുമ്പോഴേക്കും
എല്ലാ അക്ഷരങ്ങളും പരിചയപ്പെടാനും
അവ ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ
വായിക്കാനും എഴുതാനും നിങ്ങൾക്ക് കഴിയും.
നിങ്ങൾക്കൊപ്പം സ്നേഹവും
പിന്തുണയുമായി അധ്യാപകരും
വിദ്യാലയവും രക്ഷിതാക്കളുമുണ്ട്.
ഒത്തുമുന്നേറാം. പഠിച്ചുമുന്നേറാം.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ്. ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. ടി.പി. കലാധരൻ**
സീനിയർ ലക്ചറർ(റിട്ട.),ഡയറ്റ്
ഹരിത, മെഴുവേലി

**എം.എം. സചീന്ദ്രൻ**
ശ്രീദളം, കോഹിനൂർ
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.

**എം.എം. സുരേന്ദ്രൻ**
അധ്യാപകൻ (റിട്ട.), ഗവ. യു.പി. സ്കൂൾ,
പുറച്ചേരി, പിലാത്തറ, കണ്ണൂർ

**റീജ ആർ.എസ്.**
അധ്യാപിക, ഗവ.എൽ.പി.സ്കൂൾ, ചിതറ,
ചടയമംഗലം, കൊല്ലം

**ടി.കെ. മനോജൻ**
അധ്യാപകൻ, ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ,
മടപ്പള്ളി, കോഴിക്കോട്

**സൈജ എസ്**
അധ്യാപിക, ഗവ. എൽ.പി.സ്കൂൾ,
കോയിപ്പാട്, കൊല്ലം

**ശ്രീലക്ഷ്മി ജി**
അധ്യാപിക, ഗവ.യു.പി.സ്കൂൾ, മണക്കാല,
അടൂർ, പത്തനംതിട്ട

**നീന കുര്യൻ**
അധ്യാപിക, ഗവ.എൽ.പി.സ്കൂൾ,
പായമ്പാടം, നിലമ്പൂർ, മലപ്പുറം

**ശ്രീനേഷ് പി**
അധ്യാപകൻ, പനങ്ങാട് നോർത്ത്,
എ.യു.പി.സ്കൂൾ, കോഴിക്കോട്

**അമ്പിളി എസ്**
അധ്യാപിക, എ.എം.എൽ.പി.സ്കൂൾ,
അറക്കൽ, പുള്ളിത്തറ, മലപ്പുറം

**ഉണ്ണിരാജൻ**
ബി.പി.സി., എസ്.എസ്.കെ.
ചിറ്റാരിക്കൽ, കാസർകോഡ്

**ഗണേഷ് വേലാണ്ടി**
ഹരിതം, കോട്ടയം, മലബാർ, കണ്ണൂർ

**ആദിദേവ് സി**
ഒന്നാംക്ലാസ് വിദ്യാർഥി (2017-18 ബാച്ച്)
ഗവ. യു.പി.സ്കൂൾ, പുല്ലൂർ, കാസർഗോഡ്

ചിത്രം വരച്ചവർ

**നിഷ രവീന്ദ്രൻ മഞ്ചേരി, രാജീവ് എൻ. റ്റി, പ്രേംകുമാർ കണ്ണോത്ത്, പ്രേംകുമാർ മദിരശ്ശേരി, മുഹമ്മദ് യാഷിഖ് കെ.പി, ആനന്ദവല്ലി ടി. കെ, ശ്രീജ പള്ളം, സചീന്ദ്രൻ കാറഡുക്ക, കവർ ചിത്രം - വെങ്കി**

രൂപകല്പന

**സീന രാധാകൃഷ്ണൻ, ഓമല്ലൂർ**

അക്കാദമിക് കോ ഓർഡിനേറ്റർ

**രാജേഷ് എസ്.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

# അക്ഷരമാല

## സ്വരങ്ങൾ

| | | | |
|---|---|---|---|
| അ | ആ | ഇ | ഈ |
| ഉ | ഊ | ഋ | |
| എ | ഏ | ഐ | |
| ഒ | ഓ | ഔ | |

അം അനുസ്വാരം

അഃ വിസർഗം

## വ്യഞ്ജനാക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |

| | | | |
|---|---|---|---|
| യ | ര | ല | വ |
| ശ | ഷ | സ | |
| ഹ | | | |
| ള | ഴ | റ | |

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**


---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



## ഉള്ളടക്കം


1. പറവകൾ പാറി ........ 08
2. പൂവ് ചിരിച്ചു ........ 14
3. ആർപ്പോ ഇർറോ ........ 18
4. പിറന്നാൾസമ്മാനം ........ 24
5. മണ്ണിലും മരത്തിലും ........ 38
6. പിന്നേം പിന്നേം ചെറുതായി പാലപ്പം ........ 48
7. തിളങ്ങുന്ന കൂട്ടുകാർ ........ 56
8. പെയ്യട്ടങ്ങനെ പെയ്യട്ടെ ........ 66
9. ആഹാ! എന്ത് സ്വാദ്! ........ 76



# 1

# പറവകൾ പാറി

പട പട പട പട
പറവകൾ പാറി
തന തന തന തന
തനു തിന താന



കലപില കലപില
പറവകൾ പാടി
തന ............. ............. .............
തനു ............. .............



# പറവകൾ തൂവലുകൾ



പറവകൾ പാറി
പറവകൾ പാടി







# 2

# പൂവ് ചിരിച്ചു

മഴ മാറി



പറന്നുവന്നു.
കുരുവി പാറിവന്നു.
തേൻ കുടിച്ചു.
കുരുവി .................... കുടിച്ചു.
ചിരിച്ചുനിന്നു.
പൂവ് .................... നിന്നു.

..........................................................

..........................................................



# നിറം കൊടുക്കാമോ?



കാക്കപ്പൂവിന്
കാക്കനിറമാണോ?


കാക്കപ്പൂവിന്
.................നിറമാണേ.






ST-301-2-MALAYALAM-1-VOL-1

# 3 ആർപ്പോ ഇർറോ



ആർപ്പോ ഇർറോ
ഇർറോ ഇർറോ
ആർപ്പോ ഇർറോ
ഇർറോ ഇർറോ
ഓടിവരൂ പാടിവരൂ
കൂടെവരൂ കൂട്ടരേ
ആർപ്പോ ഇർറോ
.................. ..................

# കളിയരങ്ങ്



അപ്പോം ചുട്ട്
അടേം ചുട്ട്
ഇലേം വാട്ടി
പൊതീം കെട്ടി
പടീം കടന്ന്
അതിലേ പോയ്
ഇതിലേ പോയ്
കിളികിളി കിക്കിളി



വേറെ കളിപ്പാട്ടുകൾ
അറിയാമോ ?




# മാനത്ത് പട്ടം



പട്ടം
മാനത്ത് പട്ടം
വീട് കണ്ടു
കാട് കണ്ടു
വണ്ടി കണ്ടു
പട്ടം പറന്നു
................കണ്ടു
.........................
പട്ടം പറന്നു



പൂമല കണ്ടു
പൂമരം കണ്ടു
പുഴ കണ്ടു
വഴി കണ്ടു
പട്ടം പറന്നു






# കളിയരങ്ങ്



അറിയാമോ? പറയാമോ?
കളിയുടെ പേരുകൾ പറയാമോ?
അറിയാമേ പറയാമേ
കളിയുടെ പേരുകൾ പറയാമേ.
പാവകളിക്കൽ, തൊട്ടുകളിക്കൽ
ഓടിക്കളിയും കളിയാണേ.
അറിയാമേ പറയാമേ
........................ പേരുകൾ പറയാമേ.
പാടിക്കളി ചാടിക്കളി പിന്നെ
............................ ............................



# കളിപ്പാട്ടങ്ങൾ വേണോ?



മരമേ മരമേ പുന്നാരേ
തരുമോ കൊച്ചുകളിപ്പാട്ടം?
പന്ത് വേണോ? പാവ വേണോ?
പമ്പരം വേണോ? പറഞ്ഞോളൂ.
വേണം വേണം വേണം
ഓലകൊണ്ടൊരു പീപ്പി, ഓലപ്പീപ്പി
ഓലകൊണ്ടൊരു പന്ത്, ഓലപ്പന്ത്

............................................ ........................





# 4
# പിറന്നാൾസമ്മാനം






.........................................
.........................................
അമ്മുക്കിടാവിന് പിറന്നാൾസമ്മാനം നൽകാനാ.



പൂച്ച നാരകത്തിൽ കയറി.
നിറയെ മുള്ളുകൾ.
പൂച്ച വീണു.
തട്ടി മുട്ടി തടിനോ പുടിനോ
താഴെ വീണു.
പൂച്ചയ്ക്ക് വിഷമമായി.




അതാ മുത്ത് പൊട്ടുന്നു!





## പകരം ചേർത്തുപാടാം

ചേലുള്ള പൂമ്പാറ്റ
വട്ടമിട്ടുപറന്നല്ലോ.
മുത്തമൊന്നു കൊടുത്തല്ലോ.
അമ്മുവിനുമ്മ തേനുമ്മ.







................................ പൂമ്പാറ്റ

വട്ടമിട്ടുപറന്നല്ലോ.

................................ കൊടുത്തല്ലോ.

അമ്മുവിനുമ്മ തേനുമ്മ.



നാം
വളർത്തുന്നവയെ
കണ്ടെത്താമോ?
പേര് എഴുതാമോ?













ഇതുപോലെ
വരച്ചാലോ.















# കിനാവ്



ഒരു കർഷകന് ഒരു ആടുണ്ടായിരുന്നു



എന്നും ആ കർഷകൻ ആടിന് തീറ്റ കൊടുക്കും



ഒരുനാൾ അയാൾ ആ ആടിനെ വിറ്റു



അന്ന് രാവിൽ അയാൾ ഒരു കിനാവ് കണ്ടു.
ആട് തിരികെ വന്നെന്ന്.



പിറ്റേന്ന് വാതിൽ തുറന്നപ്പോൾ ..............................

..............................





## നിറം കൊടുത്ത് വരച്ചുചേർക്കാമോ ?









..........................................................

കായ് തേടി അവർ നടന്നു.
കാട്ടിലൂടെ നടന്നു.
ചൊക്കൻ മുന്നിൽ.
കാർത്തി പിന്നിൽ.

ചൊക്കൻ നിന്നു.
ചെവി കൂർപ്പിച്ചു.
അതാ,
**ഒരു കടുവ!**



പിറ്റേന്ന് ചൊക്കൻ വന്നു.
ചൊക്കൻ വിളിച്ചു.
കാർത്തി പിന്നാലെ പോയി.
അതാ,
മരച്ചുവട്ടിൽ കുട്ടുറുവൻകിളി.
കാർത്തി കിളിയെ എടുത്തു.
വെള്ളം കൊടുത്തു.
കിളി പറന്നുപോയി.
ചൊക്കൻ വാലാട്ടി.




തലക്കെട്ട് എഴുതുക.
വരയും വരിയും പൊരുത്തപ്പെടുത്താമോ?

# 5 മണ്ണിലും മരത്തിലും


ടും ടും ടും ട്ടെ ട്ടെ
ഇടി വെട്ടി
കാറ്റ് വീശി
പെരുമഴ
അമ്മേ, മഴ പെയ്യുന്നേ, എനിക്ക് പേടിയാകുന്നേ ങീ... ങീ...
ചരിൽ ചരിൽ ഈ ചില്ലയിലേക്ക് പോരൂ... ഞാൻ കൂടെ കൂട്ടാം പഞ്ഞികൊണ്ട് പുതപ്പിക്കാം.


കുഞ്ഞിക്കിളീ
മഴ നനയും.
വായോ വായോ
ഈ പൊത്തിലേക്ക്
വായോ.



അണ്ണാൻ ചില്ലയിലേക്ക്
എടുത്തുചാടി
ചില്ലയിളകി, കൂടിളകി

..................................................................

..................................................................

കുഞ്ഞിക്കിളിയും താഴേക്കുവീണു.



കുഞ്ഞിക്കിളീ
കുഞ്ഞിക്കിളീ



## പൂരിപ്പിക്കാമോ?

കുഞ്ഞിച്ചിറകുകൾ വീശി വീശി അതാ
............................ ............................ വരുന്നു





## പറയാമോ?

മെഴുകുകൊണ്ടൊരു കൊട്ടാരം
അറകളുള്ളൊരു കൊട്ടാരം
തേനൂറുന്നൊരു കൊട്ടാരം
ആരുടെയാണീ കൊട്ടാരം?

.......................................................

## പാട്ടരങ്ങ്



# കൂടുകൾ

തുന്നാരൻകിളി തുന്നിക്കൂട്ടിയ
കൂടുകൾ കണ്ടിട്ടുണ്ടോ?
ഇലകൾ തമ്മിൽ തുന്നിക്കൂട്ടാൻ
നാരുകളല്ലോ നൂല്.

നെല്ലോലകളും തെങ്ങോലകളും
ചീന്തിയെടുത്തു മെടഞ്ഞല്ലോ
കുരുവികൾ കൂടുണ്ടാക്കുന്നു.

കൊത്തിക്കൊത്തി മരത്തിന്നുള്ളിൽ
മുറി പണിയുന്നു മരംകൊത്തി.



കേടുകൾ തീർക്കാനറിയില്ലാ, കിളി
കൂടുകൾ പുതുതായ് പണിയുന്നു.



## പൂരിപ്പിക്കാമോ

.............................................................. കീരികളും
മണ്ണ് തുരന്ന് മാളത്തിൽ

കൂട് ഉണ്ടാക്കാൻ എന്തൊക്കെ വേണം. ✓ ചെയ്യുക

| | | |
|---|---|---|
|  |  | നാര്<br>ഇല<br>പുല്ല്<br>കമ്പ് |
|  |  | ഇല<br>നാര്<br>പഞ്ഞി<br>പുല്ല്<br>കമ്പ് |
|  |  | കമ്പ്<br>നാര്<br>പുല്ല്<br>ഇല |
|  |  | പുല്ല്<br>കമ്പ്<br>ഇല<br>നാര് |
|  |  | ചകിരി<br>ഇല<br>നാര്<br>പുല്ല്<br>കമ്പ് |






കണ്ട കൂടുകളെക്കുറിച്ച് പറയാമോ?



# 6

# പിന്നേം പിന്നേം ചെറുതായി പാലപ്പം

ഷൈനീ...... ഷൈനീ.....
ആരാ?
ഞാനാ.
എന്താ?
വിശക്കുന്നു.
തിന്നാൻ ഇത്തിരി
അവലോ മലരോ
അരിയോ പൊരിയോ
അടയോ വടയോ
തരുമോ ഷൈനീ?










വെളുവെളുത്തൊരു പാലപ്പം
എങ്ങനെയെങ്ങനെ ചെറുതായി?
കോഴി വന്ന് കൊത്തീട്ടോ?
പൂച്ച വന്ന് തിന്നിട്ടോ?
പതുപതുത്തൊരു പാലപ്പം
എങ്ങനെയെങ്ങനെ ചെറുതായി?
..............................................................
..............................................................
..............................................................
.........................................ചെറുതായി?







പാൽനിറമൊള്ളൊരു പാലപ്പം

പാൽരുചിയുള്ളൊരു പാലപ്പം

.........................................................

.........................................................

.........................................................

.........................................................



## രുചിമേളം

മധുരമുള്ളവ

...........................................

.........................................

പുളിയുള്ളവ

...........................................


.........................................

കയ്പ്പുള്ളവ

...........................................

.........................................

ചിത്രം നോക്കൂ
കാക്ക പ്രഥമൻ ഉണ്ടാക്കിയ
കഥ പറയൂ, എഴുതൂ.





## പോഷകമാണീ പാവയ്ക്ക


അച്ഛാ ..........................പാവയ്ക്ക
പിച്ചാം മോനെ .......................
കയ്പാണച്ഛാ പാവയ്ക്ക
പോഷകമാണേ .......................
വയ്ക്കാം ......................... പാവയ്ക്ക
....................................... പാവയ്ക്ക
തിന്നാം ...................... പാവയ്ക്ക



## ആഹാര വിശേഷങ്ങൾ

| ആഹാരങ്ങൾ പലതുണ്ട് | കണ്ടെത്താം |
|---|---|
| ആവിയിൽ വേവും ആഹാരങ്ങൾ | ഇലയട, പുട്ട്, കൊഴുക്കട്ട, കുമ്പിളപ്പം, നൂലപ്പം, .................... |
| ചുട്ടെടുക്കും ആഹാരങ്ങൾ | ഓട്ടട, പത്തിരി, ദോശ ............................ |
| വറുത്തെടുക്കും ആഹാരങ്ങൾ | ഉണ്ണിയപ്പം, അച്ചപ്പം, ബോണ്ട,................... |
| വേവിക്കാത്തവ പലതുണ്ട് | മോര്, തൈര്, സർബത്ത്, .................................. |





# പദകേളി

സദ്യയിലെ  ഇനങ്ങൾ കണ്ടെത്തി എഴുതൂ

| | | | | |
|---|---|---|---|---|
| | ഴം | ● | ● | |
| ച്ച | ● | പാ | | സം |
| | ● | ● | ● | ● |
| ● | | റ് | ● | ഓ |
| ● | ● | ● | ● | |
| ● | പ്ര | | | ൻ |

സദ്യയിൽ എന്തൊക്കെ



പഴം, പപ്പടം, ഉപ്പേരി,
പച്ചടി, കിച്ചടി, അച്ചാർ
ഓലൻ, കാളൻ, സാമ്പ
പരിപ്പ്, രസം, മോര്
ചോറ്, നെയ്യ്, നാരങ്ങ
പ്രഥമൻ, ബോളി, സേമിയ


.........................................................

.........................................................



## വായിക്കാം നടിക്കാം

ദോശമാവ് കലക്കി
പാകത്തിന് ഉപ്പ് ചേർത്തു
അടുപ്പിൽ തീ കത്തിച്ചു
ദോശക്കല്ല് ചൂടാക്കി
കല്ലിൽ എണ്ണ പുരട്ടി
മാവ് ഒഴിച്ച് പരത്തി
ദോശ മറിച്ചിട്ടു
പാത്രത്തിലെടുത്തു
കൈ കഴുകി വന്നു
വയർ നിറയെ തിന്നു.







## വട വേണോ വട !

ഉള്ളിവടയോ

..................................

മസാലവടയോ

ഏതു വടയാ

കഴിക്കേണ്ടേ ?

പരിപ്പുവടയോ

..................................

മസാലവടയോ

ഏതു വടയാ

തിന്നേണ്ടേ ?



# 7
# തിളങ്ങുന്ന കൂട്ടുകാർ

ആകാശം നിറയെ പൂക്കൾ
മിന്നിത്തിളങ്ങുന്ന പൂക്കൾ
എന്തു ഭംഗി!
ഹായ്! നക്ഷത്രങ്ങൾ!






ജാനി : ഭൂമിയിൽ വരുന്നോ?
നക്ഷത്രങ്ങൾ : എന്താ വഴി?
ജാനി : വഴിയുണ്ട്.

ജാനി : കുഞ്ഞിക്കിളീ കുഞ്ഞിക്കിളീ
ഒരു വഴി പറഞ്ഞുതാ.

കുഞ്ഞിക്കിളി : അതാ ഊഞ്ഞാൽ.

ഊഞ്ഞാലാടി ജാനി.
ഉയർന്നുചെന്നു ജാനി.





ജാനി : വരൂ, എന്റെ മടിയിൽ കയറൂ.
വേഗം കയറൂ.

കുഞ്ഞുനക്ഷത്രങ്ങൾ
ജാനിയുടെ മടിയിൽ കയറി.

ജാനി : ഹായ്! എന്റെ മുറി നിറയെ നക്ഷത്രങ്ങൾ
എന്തു ഭംഗി!

ജാനിയുടെ മുറിയിലാകെ നക്ഷത്രങ്ങൾ
പാറിക്കളിക്കുന്ന നക്ഷത്രങ്ങൾ!





## ഉത്തരം പറയാമോ ?

ആനകേറാമല ആടുകേറാമല
ആയിരം കാന്താരി പൂത്തിറങ്ങി

കിഴക്ക് കാണും കാലത്ത്
തലയ്ക്കുമീതെ ഉച്ചയ്ക്ക്
കടലിൽ താഴും സന്ധ്യക്ക്
പറയൂ പറയൂ ഞാനാര് ?

എനിക്കുണ്ടൊരു കുപ്പായം
നീലക്കുപ്പായം
പുള്ളിക്കുപ്പായം
വിരിച്ചാലും വിരിച്ചാലും തീരില്ല

ഇരുട്ടിൽ ആകാശത്തിൽ
വലിയ വിളക്കായ് തെളിയും
മുഴുവട്ടത്തിൽ കാണാം
മുറിവട്ടത്തിൽ കാണാം
പേരെന്താണെന്നറിയാമോ?
പറയുന്നോർക്കൊരു സമ്മാനം

എന്റെ വക

............................................................

............................................................

............................................................

............................................................

# പകലും രാവും

## നിറം കൊടുക്കാം





## എഴുതാം



പകൽനേരത്തെ ആകാശം

..........................................................................

..........................................................................

..........................................................................

..........................................................................

..........................................................................

..........................................................................



രാത്രിയിലെ ആകാശം

..........................................................................

..........................................................................

..........................................................................

..........................................................................

..........................................................................

..........................................................................



## പാട്ടരങ്ങ്

അഴകുള്ള പപ്പടം
അമ്പിളിപ്പപ്പടം
ആരാരെടുക്കും?
ആരാരു തിന്നും?
കുണ്ടിലിരിക്കും
ചുണ്ടെലി ചൊല്ലി
ഞാൻ തിന്നും
കരണ്ടുതിന്നും
തുമ്പപ്പൂവിൻ റോക്കറ്റേറി
അമ്പിളി കണ്ടു
പറന്നൂ ചുണ്ടെലി.

വഴിയിൽ കണ്ടു മഴവില്ല്
ഒന്ന്, രണ്ട്, മൂന്ന്, നാല്,
അഞ്ച്, ആറ്, ഏഴ്
ഏഴഴകുള്ളൊരു മഴവില്ല്.


## അമ്പിളിമാമനെ നിരീക്ഷിക്കൂ വരയ്ക്കൂ



മാമാ മാമാ അമ്പിളിമാമാ
ഇന്നലെ മാമൻ പപ്പടവട്ടം
ഇന്നാരു കടിച്ചു
പപ്പടവക്കിൽ?

# 8

# പെയ്യട്ടങ്ങനെ പെയ്യട്ടെ






ഓ പിന്നെ
പെയ്യാം
ചൂട് എടുത്തിട്ട് വയ്യ
മേഘമേ, വേഗം മഴ
കൊണ്ടുവാ


ഓ പിന്നെ പെയ്യാം
എങ്ങും തുള്ളി വെള്ളമില്ല.
മേഘമേ മഴയെ കൊണ്ടുവാ
ഓ പിന്നെ
പെയ്യാം
ഒന്ന് വേഗം പെയ്യ്
ഞങ്ങൾ
ഉണങ്ങിപ്പോവുന്നേ


ഒഴുക്ക് നിന്നു, വറ്റി വറ്റി
തീർന്നു.
മഴ എവിടെ മേഘമേ?
ഓ, പിന്നെ
പെയ്യാം


ഇപ്പം പെയ്യാം. ഇപ്പം പെയ്യാം.
പെരുമഴയെയും കൂട്ടി
വേഗം പോരാം.
പെയ്യുന്നുണ്ടോ?
ഇല്ലയോ?


തക തക തൈ തക
മഴ വന്നേ
തക തക തൈ തക
മഴ വന്നേ



## മഴക്കാലം


തുള്ളി വരുന്നു മഴത്തുള്ളി
പറ കൊട്ടി വരുന്നു മഴക്കാലം.
മലയും കാടും
ഇലയും മരവും
കിളിയും മഴയിൽ നനയുന്നു.
കിളിയും കിളിയുടെ പാട്ടും
പാട്ടിൻ താളവും
ഈ മഴ നനയുന്നു.

മലയും കാടും
.............................................................
.............................................................
.............................................................
.......................................നനയുന്നു

വയലൊഴുകുന്നു
വഴിയൊഴുകുന്നു
കുളവും പുഴയിൽ ചേരുന്നു.
മണ്ണലിയുന്നു
മനസ്സലിയുന്നു
പകലും ഇരുട്ടു പുതയ്ക്കുന്നു.
കിളിയും കിളിയുടെ പാട്ടും
പാട്ടിൻ താളവും
ഈ മഴ നനയുന്നു.




## കണ്ടെത്താം എഴുതാം





ജലം എവിടെല്ലാം?
ജലം എന്തിനെല്ലാം?


# ആമയെ നിർമ്മിക്കാം



പേപ്പറിൽ ഇതേപോലെ
വട്ടം വരച്ച് വെട്ടി എടുക്കുക.



ഇതുപോലെ വരച്ച്
ഇഷ്ടമുള്ള നിറം
നൽകുക.



ഒരു വശത്തുനിന്ന്
നടുവിലേക്ക് മുറിക്കുക.
മുറിച്ച വശം
മറ്റേ വശത്തിന് മുകളിൽ
കയറ്റിവച്ച് ഒട്ടിക്കുക.



## മഴ പെയ്യിക്കാം (പരീക്ഷണം)





ചെയ്തതും കണ്ടതും

# 9 ആഹാ! എന്ത് സ്വാദ്!

ആന നടന്നുവന്നു.
മൈന പറന്നുവന്നു.

വിശക്കുന്നു
പഴം വേണം.



ആന നടന്നു
മൈന പറന്നു.




ആന ചക്കപ്പഴം പറിച്ചു.
മൈനയെ നോക്കി.
അം!

എന്തു നല്ല സ്വാദ്
ആഹാ!



ആന പഴക്കുല ഉയർത്തി
വായ തുറന്നു
പഴക്കുല കുലുക്കി
തുരുതുരാന്ന്
പഴമെല്ലാം വായിലേക്ക് വീണു.




ആന നോക്കിയപ്പോൾ
മൈനയെ കാണാനില്ല!
എവിടെപ്പോയി?

ആന നിലവിളിച്ചു.
ആരോ വയറ്റിൽ കൊത്തുന്നേ!
ഹോ! ഹോ! വേദന വേദന! ഭയങ്കര വേദന!
സഹിക്കാൻ പറ്റുന്നില്ല!
വൈദ്യനെ കാണണം
ആന ഓടി.



ജിറാഫ് : ഫൂ ഫൂ എന്ന് ശക്തിയായി ഊതൂ...

ആന : ഫൂ ഫൂ
(ആന ഏമ്പക്കം വിട്ടു. മൈന പുറത്തായി)

ആന : നന്ദി ജിറാഫേ, നന്ദി.

ജിറാഫ് ചുറ്റും നോക്കി. ഒത്തിരി മൃഗങ്ങളും പക്ഷികളും എല്ലാവർക്കും മധുരഫലങ്ങൾ വേണം.



ആഞ്ഞിലിപ്പഴം, അമ്മുമ്മപ്പഴം
ഇത്തിപ്പഴം, ഇലഞ്ഞിപ്പഴം
ഉള്ളിച്ചാമ്പ, പനിനീർച്ചാമ്പ
ചക്ക, മാങ്ങ, പപ്പായ..........
.....................................................
.....................................................
മധുരഫലങ്ങൾ പലതുണ്ട്
മധുരം കിനിയും ഫലമെല്ലാം
പറിച്ചുതിന്നാം സ്വാദോടെ.
.....................................................
.....................................................





ജിറാഫ് തല ഉയർത്തി മധുരഫലങ്ങൾ പറിച്ചു.
എല്ലാവർക്കും കൊടുത്തു.
മൈനയ്ക്കും ആനയ്ക്കും കൊടുത്തു.
"ഭേഷ് ! അതു നന്നായി".
എല്ലാവരും കരഘോഷം മുഴക്കി.
ജിറാഫിനെ അഭിനന്ദിച്ചു.
വികൃതിക്കുരങ്ങ് എല്ലാവരെയും ചേർത്ത്
സെൽഫിയെടുത്തു. ഭംഗിയുള്ള ഫോട്ടോ
ജിറാഫ് ആനയുടെ കാതിൽ ഒരു രഹസ്യം പറഞ്ഞു.



പഴ(നിറ)ങ്ങൾ കൊണ്ടൊരു മഴവില്ല് തീർക്കാം



## പൂവും പഴവും

പൂവിന് നിറമുണ്ട്
പഴത്തിന് നിറമുണ്ട്
പൂവിന് മണമുണ്ട്
പഴത്തിന് മണമുണ്ട്
പൂവിന് തേനുണ്ട്
പഴത്തിന് രുചിയുണ്ട്.

വാഴക്കുലയുടെ നിറം മാറ്റം



## ഏതുപഴം?

എങ്ങനെയറിഞ്ഞു പഴുത്തെന്ന് ?
കണ്ടറിഞ്ഞു പഴുത്തെന്ന്.
മണത്തറിഞ്ഞു പഴുത്തെന്ന്.
തൊട്ടറിഞ്ഞു പഴുത്തെന്ന്.
രുചിച്ചറിഞ്ഞു പഴുത്തെന്ന്.
വയറു നിറഞ്ഞു പഴം തിന്ന്.






## പഴങ്ങൾ തരംതിരിക്കാം

ഓറഞ്ചുതൊലികൊണ്ടുള്ള

# നിർമ്മാണപ്രവർത്തനങ്ങൾ





## ഉത്തരം പറയാമോ

1. ചെടിയുടെ മേലെ കായ
   കായുടെ മേലേ ചെടി
2. അകത്തറുത്താൽ പുറത്തറിയും
3. ആയിരം തത്തയ്ക്ക് ഒരൊറ്റ കൊക്ക്

## വായിക്കാം
## രസിക്കാം

### കൂട്ടുകാരേ

മഴ ചൊരിഞ്ഞു പുഴ കവിഞ്ഞു
പുഴ കടക്കാൻ പുതിയ തോണി
പുതിയ തോണി തുഴഞ്ഞു പോകാൻ
തുണ വരുമോ കൂട്ടുകാരേ
കഥ പറയും കൂട്ടുകാരേ
കളി പറയും കൂട്ടുകാരേ

ഒ.എൻ.വി



# പൂച്ച

എന്റെ കുറിഞ്ഞിപ്പൂച്ച
അന്തസ്സുള്ളൊരു പൂച്ച
കൺമഷിപോലെ കറുപ്പ്
കണ്ണുകൾ രണ്ടും മഞ്ഞ
പൂവിതൾപോലൊരു നാവ്
പൂങ്കുലപോലൊരു വാല്
കുറുകുറെയെന്നു കുറുങ്ങി
കുഞ്ഞിയുറക്കം തൂങ്ങി
വെയിലിലിരുന്നു മയങ്ങും
എന്റെ കുറിഞ്ഞിപ്പൂച്ച
അന്തസ്സുള്ളൊരു പൂച്ച

സുഗതകുമാരി



## പാവം

മുയൽക്കുട്ടി കാരറ്റ്
തിന്നുകയായിരുന്നു.
ഒരു സിംഹം വാ തുറന്ന്
അതിന്റെ മുന്നിൽ ചാടി വീണു.
മുയൽക്കുട്ടി സിംഹത്തെ നോക്കി.
സിംഹം മുയൽക്കുട്ടിയെയും.
''ന്നാ, തിന്നോ''
മുയൽക്കുട്ടി കൈയിലുള്ളത്
വേഗം സിംഹത്തിന് നീട്ടി.
അതും വാങ്ങി സിംഹം നടന്നു പോയി.
''പാവം!''
മുയൽക്കുട്ടി സിംഹത്തെ നോക്കി പറഞ്ഞു.



## വായിക്കാം
## രസിക്കാം

# പൂമ്പാറ്റത്തോട്ടം

മണ്ണ് നനഞ്ഞു
നനഞ്ഞ മണ്ണിൽ അമ്മു വിത്തിട്ടു.
നിറയെ ചെടികളുണ്ടായി.
അമ്മുവിന് സന്തോഷമായി.
ചെടികളിൽ നിറയെ മഞ്ഞപ്പൂക്കൾ വിരിഞ്ഞു.
പൂമ്പാറ്റകൾക്ക് സന്തോഷമായി.
അവ മറ്റെങ്ങും പോയില്ല.
അമ്മുവിന്റെ കൂടെ കളിച്ചു.
ചെടികൾ അവൾക്ക് വിത്തുകൾ നൽകി.
അത് അവൾ കുലുക്കി നോക്കി.
കിലുകിലു കിക്കിലു
ഇത് കേട്ട് പൂമ്പാറ്റകൾ
ചിറക് ഇളക്കി നൃത്തമാടി.
അതൊരു പൂമ്പാറ്റത്തോട്ടമായി.



## പൂമണമുള്ള കുയിൽപ്പാട്ട്

ഓണം വരവായ് അമ്മയറിഞ്ഞോ?
ഓണത്തപ്പനുമുണ്ടത്രേ!
ഓണക്കോടിയും ഓണപ്പാട്ടും
ഓണക്കളികളുമുണ്ടമ്മേ.
പുതിയൊരു പാട്ടുപാടും ഞാൻ
പതുമ മണക്കും പൂപ്പാട്ട്.
പുതിയൊരുതാളം പുത്തനൊരീണം
പുതിയൊരു ഭാഷയിലാവേണം.
തുമ്പപ്പൂവിൻ കുഞ്ഞിക്കാതിൽ
തുമ്പികൾ പാടുമൊരീണത്തിൽ,
മന്ദാരത്തിൻ ചെവിയിലശോകം
കളിപറയുന്നൊരു താളത്തിൽ,
മുക്കുറ്റിക്കവിൾ തൊട്ടുതലോടും
കുഞ്ഞിക്കാറ്റിൻ കുറുമൊഴിയിൽ,
ഓണത്തപ്പനെ വരവേല്ക്കാൻ
പൂമണമുള്ള കുയിൽപ്പാട്ട്.
നാടുമുഴുക്കെയും ഓണനിലാവിൻ
നന്മ പരത്തും പൂപ്പാട്ട്.





## വായിക്കാം
## രസിക്കാം





# ഒന്നാണ്



ദേശാടകരാം കിളികളൊരിക്കൽ
വിരുന്നു വന്നൂ, നാട്ടിൽ.
വിശന്നുവന്നവർ ദാഹിക്കുന്നവർ
തളർന്നിറങ്ങീ നാട്ടിൽ.
മധുരിക്കുന്ന പഴങ്ങൾ നൽകി
മരങ്ങളവരെ വിളിച്ചു.
തണുത്തകാറ്റിൽ ഇലകൾ മുക്കി
ചില്ലകളവരെ വീശി.





നാട്ടുകിളികളിൽ ചിലരിതുകണ്ട്
കലപില കൂട്ടാനെത്തി.
പരദേശികളാം പറവകളിവിടെ
ചേക്കേറരുതെന്നായി.
തളർന്ന കിളികൾ ചിറകും വീശി
പറന്നുപൊങ്ങാൻ നിൽക്കെ
മറ്റൊരു കൂട്ടം കിളികൾ സ്നേഹം
പകർന്നുനൽകാനെത്തി.
ദേശമതേതായാലും നമ്മൾ
പറവകളെന്നതു നേര്.
അതിരുകൾ ഏതായാലും നമ്മൾ
ഒന്നാണെന്നതു നേര്.



## പ്രിയ രക്ഷിതാവേ,

പൊതുവിദ്യാലയത്തിൽ കുട്ടിയെ ചേർത്തതിൽ താങ്കളെ അഭിനന്ദിക്കുന്നു. ഒന്നാം ക്ലാസിൽ ചേരുന്ന ഓരോ കുട്ടിയും ഒന്നാം ക്ലാസ് പൂർത്തിയാകുന്നതോടെ തെറ്റുകൂടാതെ ചെറുവാക്യങ്ങൾ സ്വന്തമായി എഴുതാനും ലഘുബാലസാഹിത്യകൃതികളും മറ്റു വായനസാമഗ്രികളും വായിക്കുവാനും കഴിവ് നേടത്തക്കവിധമാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ ധാരണ ലഭിക്കുന്നത് കുട്ടിയെ പഠനത്തിൽ സഹായിക്കുന്നതിന് കൂടുതൽ പ്രയോജനപ്പെടും.

### മലയാളത്തിലെ എല്ലാ ലിപികൾക്കും പരിഗണന.

കുട്ടിക്ക് എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുന്നതിന് സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, ചില്ലുകൾ, യോജിപ്പിച്ചെഴുതാവുന്ന കൂട്ടക്ഷരങ്ങൾ, ചന്ദ്രക്കലയിട്ട് ഇണക്കിയെഴുതാവുന്ന കൂട്ടക്ഷരങ്ങൾ, സ്വരവ്യഞ്ജനങ്ങളുടെ ഉപചിഹ്നങ്ങൾ എന്നിവ പഠിക്കേണ്ടതുണ്ട്. കുറച്ച് കൂട്ടക്ഷരങ്ങൾ ഒഴികെയുള്ള എല്ലാ ലിപികളും ഒന്നാം ക്ലാസ് കഴിയുമ്പോഴേക്കും കുട്ടി പരിചയപ്പെടുകയും അവ ഉപയോഗിച്ച് എഴുതാനും വായിക്കാനുമുള്ള കഴിവാർജ്ജിക്കുകയും ചെയ്യും

### അക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന രീതി

എഴുത്തിലും വായനയിലും കൂടുതലായി ഉപയോഗിക്കുന്ന അക്ഷരങ്ങൾക്കാണ് ആദ്യപരിഗണന നൽകുന്നത്. ഓരോ പാഠത്തിലും ഊന്നൽ നൽകുന്ന ലിപികൾ ചെറുവാക്യങ്ങളിൽ ഉൾപ്പെടുത്തി ഒരു ആശയവുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്നു. ഓരോ അക്ഷരത്തിന്റെയും എഴുത്തുരീതി (ഘടന), ഉച്ചാരണം എന്നിവ വ്യക്തമാക്കുന്ന വിധത്തിൽ അക്ഷരം പരിചയപ്പെടുത്തും. അക്ഷരങ്ങളുടെയും വാക്കുകളുടെയും വിവിധ സന്ദർഭങ്ങളിലെ സ്വാഭാവിക ആവർത്തനത്തിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇത് അക്ഷരങ്ങൾ ഉറയ്ക്കുന്നതിന് സഹായിക്കും. ഓരോ ദിവസവും പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ തുടർന്നുള്ള ദിവസങ്ങളിലും എഴുത്തിനും വായനയ്ക്കും പ്രയോജനപ്പെടുത്തും. ഒന്നാമത്തെ പാഠത്തിൽ പരിചയപ്പെടുത്തുന്ന അക്ഷരങ്ങൾ തുടർന്നുള്ള പാഠങ്ങളിലും വീണ്ടും വരത്തക്കവിധമാണ് ക്രമീകരിച്ചിട്ടുള്ളത്. ഉദാഹരണം ഒന്നാം യൂണിറ്റിൽ കുട്ടി പരിചയപ്പെട്ട പ, ട, റ, വ, ക, ത, ല, ന എന്നി അക്ഷരങ്ങളും ാ, ീ എന്നീ ഉപചിഹ്നങ്ങളും തുടർന്നുള്ള എല്ലാ പാഠങ്ങളിലും പല തവണ ആവർത്തിക്കുന്നുണ്ട്. ഇതുപോലെ മറ്റ് അക്ഷരങ്ങളുടെയും ചിഹ്നങ്ങളുടെയും പരമാവധി പുനരനുഭവവും ഒരുക്കിയിട്ടുണ്ട്.

### എല്ലാവർക്കും അവസരവും പിന്തുണയും ലഭിക്കുംവിധമുള്ള സമയവിന്യാസം

ഓരോ പിരീഡിലും അക്ഷരങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നതിന് സഹായകമായ ലേഖന പ്രക്രിയയും വായനപ്രവർത്തനവുമാണ് ഉള്ളത്. ചെറിയ ക്ലാസുകളിൽ വ്യക്തിഗത ശ്രദ്ധ കൂടുതലായി നൽകേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും അവസരവും പിന്തുണയും ലഭിക്കണമെങ്കിൽ കൂടുതൽ സമയം ആവശ്യമാണ്. അതിനാൽ രണ്ടു പീരിഡുകൾ ചേർത്തുള്ള ഭാഷക്ലാസുകളാണ് ഉണ്ടാവുക.

### ലഘുവായനസാമഗ്രികൾ

പരിചയപ്പെടുന്ന അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉൾപ്പെടുന്ന ലഘുവായനസാമഗ്രികൾ ഓരോ ദിവസവും കുട്ടികൾക്ക് സ്വതന്ത്രവായനയ്ക്കായി നൽകും. ഇത് അവരെ ക്രമേണ സ്വന്തമായി വായിക്കുന്നതിലേക്കും എഴുതുന്നതിലേക്കും നയിക്കും.

### സഹായത്തോടെയുള്ള രചന

കുട്ടിയുടെ പഠനത്തിൽ രക്ഷിതാവിനും നിർണായകപങ്ക് വഹിക്കാനാകും. രക്ഷിതാക്കളുടെ പിന്തുണയോടെയുള്ള എഴുത്തും വായനയും തുടർപ്രവർത്തനമായി വീട്ടിൽ നടക്കേണ്ടതുണ്ട്. ഇത് കുട്ടിയെ സംബന്ധിച്ചിടത്തോളം ആസ്വാദ്യമാകണം. 2023 - 24 അക്കാദമിക വർഷം നടപ്പിലാക്കി വിജയം കണ്ട സംയുക്തഡയറി സമ്പ്രദായം തുടരും. കൂടാതെ കൂടുതൽ സഹായം ആവശ്യമായി വരുന്ന കുട്ടികൾ (തുടർച്ചയായ ഹാജരില്ലായ്മമൂലവും മറ്റും) ഉണ്ടാകും. അവർക്ക് ടീച്ചർ കൂടുതൽ സഹായം നൽകും.

### അനുഭവവൈവിധ്യം

ആകർഷകമായ ചിത്രങ്ങളും കഥകളും കവിതകളും കലയുടെയും (അഭിനയം, ചിത്രരചന, സംഗീതം) പ്രവൃത്തിപരിചയത്തിന്റെയും സാധ്യതകളും പ്രയോജനപ്പെടുത്തിയുള്ള ഭാഷാപഠനമാണ് നടക്കുന്നത്. ഇത് അനുഭവവൈവിധ്യം സൃഷ്ടിക്കും. കുട്ടിയുടെ ഭാഷാപഠനതാൽപര്യം വളർത്തുകയും ചെയ്യും.

### പാഠപുസ്തകത്തോടൊപ്പം പ്രവർത്തനപുസ്തകവും

ഒന്നാം ക്ലാസിൽ കുട്ടിക്ക് എഴുത്തിനും വായനയ്ക്കും മറ്റുഭാഷാപ്രവർത്തനങ്ങൾക്കും സഹായകമായ പ്രവർത്തനപുസ്തകം കൂടി പാഠപുസ്തകത്തോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്. പാഠപുസ്തകവും പ്രവർത്തന പുസ്തകവും ചേരുമ്പോൾ മാത്രമാണ് കുട്ടിക്ക് ലഭിക്കുന്ന ഭാഷാനുഭവം സമഗ്രമാകുന്നത്.

### രൂപീകരണപാഠങ്ങൾ

അച്ചടിച്ചു നൽകുന്ന പാഠങ്ങൾക്കുപുറമേ ക്ലാസിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിക്കുന്ന പാഠങ്ങളും ഉണ്ടാകും. ഇത്തരം രൂപികരണപാഠങ്ങളിലെ വാക്യങ്ങൾ എഴുതാൻ പ്രവർത്തന പുസ്തകത്തിലാണ് ഇടം. ഊന്നൽ നൽകുന്ന അക്ഷരങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നവയാണ് എല്ലാ രൂപീകരണപാഠങ്ങളും.

### തീമുകളുമായി ബന്ധപ്പെടുത്തിയുള്ള പഠനം

പറവകൾ, പൂക്കൾ, വിനോദം, വളർത്തുജീവികൾ, കൂടുകൾ, ആഹാരം, ആകാശം, വെള്ളം, പഴങ്ങൾ, വാഹനം, വീട്, ഉത്സവം, പച്ചക്കറികൾ, ചെറുജീവികൾ, മണ്ണും കൃഷിയും, വസ്ത്രം, ആരോഗ്യം, തൊഴിലും ഉപകരണങ്ങളും, കാട്, കടൽ എന്നിവയാണ് പാഠങ്ങളുടെ മുഖ്യപ്രമേയങ്ങൾ. പ്രീപ്രൈമറി/അങ്കണവാടി തലത്തിൽ പരിഗണിച്ച തീമുകളിലെ ആശയപരമായ വളർച്ച ഉറപ്പാക്കിയും തുടർപഠനത്തിന് അടിസ്ഥാനമൊരുക്കിയും പരിസരപഠനത്തിന്റെ ഉള്ളടക്കതലം പരിഗണിച്ചുമാണ് ഈ തീമുകൾ നിശ്ചയിച്ചിട്ടുള്ളത്. ഭാഷ, പരിസരപഠനം, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയപഠനം, കായിക വിദ്യാഭ്യാസം എന്നിവ ഈ തീമുകളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്നു.

### സമഗ്രവികാസത്തിന് പ്രാധാന്യം

വൈജ്ഞാനിക വികാസം, ഭാഷാവികാസം, കായികവികാസം, സാമൂഹിക വൈകാരിക വികാസം, സൗന്ദര്യാത്മക സർഗാത്മകവികാസം എന്നിവയ്ക്കെല്ലാം പ്രാധാന്യം ലഭിക്കുന്നതിനു സഹായമായ രീതിയിലാണ് ഒന്നാം ക്ലാസിലെ പഠനപ്രവർത്തനങ്ങൾ. കുട്ടിയുടെ സമഗ്രവികാസം സാധ്യമാക്കുന്ന തിനാണ് ഇത് വഴിയൊരുക്കുന്നത്.

### പ്രായോഗികാനുഭവത്തിന്റെ പിൻബലം

പാഠപുസ്തകപരിഷ്കരണത്തിന്റെ മുന്നോടിയായി ഒന്നാംക്ലാസിലെ കുട്ടികളുടെ എഴുത്തും വായനയും മെച്ചപ്പെടുത്തുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണപരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) നേതൃത്വം നൽകി. 2023-24 അക്കാദമിക വർഷം ഒന്നാംക്ലാസുകളിൽ പ്രയോഗിച്ച നൂതനമായ ഭാഷാ പഠനരീതികൾ ഗുണപരമായ മാറ്റങ്ങളാണ് കുട്ടികളിൽ ഉണ്ടാക്കിയത്. ആ അനുഭവങ്ങളുടെകൂടി അടിസ്ഥാനത്തിലാണ് ഈ പാഠപുസ്തകം ചിട്ടപ്പെടുത്തിയിട്ടുള്ളത്.

### പ്രതിമാസ ക്ലാസ് പി.ടി.എ.

എല്ലാ രക്ഷിതാക്കളും പങ്കെടുക്കുന്ന പ്രതിമാസ ക്ലാസ് പി.ടി.എ. യോഗങ്ങൾ കുട്ടിയുടെ പഠനപുരോഗതി ചർച്ച ചെയ്യുന്നതിനുള്ള വേദിയാണ്. വിദ്യാലയപ്രവർത്തനങ്ങളിൽ രക്ഷിതാവിന്റെ താൽപര്യവും സാന്നിധ്യവും കുട്ടിക്ക് പ്രചോദനം നൽകും. ടീച്ചറും രക്ഷിതാക്കളും ചേർന്ന് കുട്ടിക്കാവ ശ്യമായ പിന്തുണ നൽകേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പും ഒപ്പമുണ്ട്. കുട്ടിക്കുണ്ടാകുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും അപ്പപ്പോൾത്തന്നെ അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുമല്ലോ. കുട്ടിയുടെ കഴിവുകൾ അംഗീകരിക്കാൻ ശ്രദ്ധിക്കുകയും വേണം.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.